നാശനഷ്ടങ്ങളും അവിടെയുള്ളതാണ്. അത് കണക്കാക്കി പുഴയുടെ സംരക്ഷണം എന്ന അടിസ്ഥാനത്തിൽ നല്ല ഒരു പദ്ധതി തയ്യാറാക്കി ജില്ലാ വിദഗ്ദ്ധ കമ്മിറ്റിയിൽ അവതരിപ്പിച്ച് അവരുടെ അനുമതിയോടുകൂടി ഗവൺമെന്റിലേക്ക് അയച്ചാൽ തീർച്ചയായും എത്രയും വേഗത്തിൽ അത് സംസ്ഥാന ലൈവലിൽ കമ്മിറ്റിയിൽ വച്ച് അംഗീകാരം നൽകാവുന്നതാണ്.

(6) സഹകരണ ബാങ്ക് നിക്ഷേപം

ശ്രീ. കെ. ശിവദാസൻ നായർ : സർ, പത്തനംതിട്ട ജില്ലയിലെ കുളനട സർവ്വീസ് സഹകരണ ബാങ്കിൽ പണം നിക്ഷേപിച്ചിട്ടുള്ള നിക്ഷേപകർക്ക് പണം മടക്കി കിട്ടുന്നില്ല എന്ന ഗുരുതരമായ സ്ഥിതി വിശേഷമുണ്ട്. അതിൽ ഇടപെടുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിച്ചിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്തിനു പുറത്തുള്ള സർവ്വീസ് സഹകരണ സംഘങ്ങളേക്കാൾ നമുക്കുള്ള മെച്ചം നമ്മുടെ നാട്ടിലെ പ്രൈമറി സഹകരണ സംഘങ്ങൾ റിക്ഷക്കണക്കിന് രൂപ നിക്ഷേപമായി സ്വരൂപിക്കുന്നു എന്നുള്ളതാണ്. ഈ നിക്ഷേപങ്ങൾക്ക് ഗവൺമെന്റിന്റെ ഒരു പരിരക്ഷയുണ്ട് എന്നുള്ള വിശ്വാസത്തിലാണ് ആളുകൾ ഈ സർവ്വീസ് സഹകരണ ബാങ്കിൽ പണം നിക്ഷേപിക്കുന്നത്. അല്ലാതെ ഇൻഷ്വറൻസും മറ്റ് കാര്യങ്ങൾ ഒന്നും തന്നെയില്ല. അപ്പോൾ ഏതെങ്കിലും സർവ്വീസ് സഹകരണ ബാങ്കിൽ നിക്ഷേപകന്റെ പണം മടക്കിക്കൊടുക്കുവാൻ പറ്റുന്നില്ലെങ്കിൽ അത് മൊത്തം സർവ്വീസ് സഹകരണ ബാങ്കുകളിലെ നിക്ഷേപത്തെത്തന്നെ ദോഷകരമായി ബാധിക്കും. അതുകൊണ്ട് ജില്ലാ സഹകരണബാങ്കിനേയും സർവ്വീസ് സഹകരണ ബാങ്കിനേയും അതുപോലെ ഡിപ്പാർട്ടുമെന്റിനേയും ഇടപെടുവിപ്പിച്ച് ഇക്കാര്യത്തിൽ ഒരു പരിഹാരം ഉണ്ടാക്കണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, കുളനട സർവ്വീസ് സഹകരണ ബാങ്ക് ഭാരവാഹികൾ വളരെ ഗുരുതരമായ അഴിമതിയും ധന ദുർവിനിയോഗവും നടത്തിയതിന്റെ ഫലമായി 2001 മുതലുള്ള കാലയളവിൽ, അഞ്ച് വർഷക്കാലം അവിടെയുള്ള ഡെപ്പോസിറ്റേഴ്സിന്റെ നാല് കോടിയോളം രൂപ തിരികെ നൽകാനുണ്ടായിരുന്നു. ആ കാലത്ത് നടപടികളൊന്നും ഉണ്ടായില്ല. ഈ ഗവൺമെന്റ് വന്നശേഷം അന്വേഷണം നടത്തുകയും നിലവിലുള്ള ഭരണ സമിതിയെ പിരിച്ചുവിടുകയും ചെയ്തു. അതിനെതിരെ തൽപ്പര കക്ഷി ആർബിട്രേഷൻ കോടതിയിൽ പോകുകയും ആർബിട്രേഷൻ കോടതി ഗവൺമെന്റ് തീരുമാനം റദ്ദാക്കുകയുമാണുണ്ടായത്. വീണ്ടും ഗവൺമെന്റ് അപ്പീൽ ഫയൽ ചെയ്ത് നടപടികൾ സ്വീകരിച്ചുവെങ്കിലും അഴിമതി ആരോപണത്തിന് വിധേയയായ സെക്രട്ടറി ശ്രീമതി രാധാമണി അമ്മയുടെ പേരിൽ ഡബ്ല്യു.പി.സി. 18364/2009-ലെ കോടതി വിധി പ്രകാരവും സഹകരണ നിയമം 68(1) വകുപ്പ് അനുസരിച്ചും സ്വീകരിച്ച നടപടി വീണ്ടും റദ്ദ് ചെയ്യുകയും അങ്ങനെ ഫലത്തിൽ തെരഞ്ഞെടുപ്പിന് വഴിയൊരുക്കുകയും ചെയ്തു. തെരഞ്ഞെടുപ്പോടുകൂടി പുതിയ ഭരണസമിതി വന്നു. പുതിയ ഭരണ സമിതി ലൈസ കൊടുക്കുവാൻ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

യാതൊന്നും ചെയ്യുന്നില്ല എന്നു മാത്രമല്ല ഗവൺമെന്റിന് ഇടപെടാൻ കഴിയാത്ത ഒരു സമിതിയാണ് ഉണ്ടാക്കിയിട്ടുള്ളത്. 2001-02 മുതൽ ഒരു വി. ആർ. ഗോപാലകൃഷ്ണൻ നായർ, ഗണപതി കണ്ടത്ത്, കുളനട, കെ. രാമചന്ദ്രൻ പേരൂർവീട്, നെട്ടൂർ, കുളനട, എൻ. ശിവരാജൻ, അജയഭവൻ, കൈപ്പുഴ നോർത്ത് ഈ മൂന്നുപേരാണ് പ്രസിഡണ്ടുമാരായി പ്രവർത്തിക്കുകയും ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നത്. ആറു മാസക്കാലം അഡ്മിനിസ്ട്രേറ്റർ ഇരുന്ന് ക്രമീകരിക്കുവാൻ ശ്രമിച്ചപ്പോൾ ഉണ്ടായ സംഭവങ്ങൾ ഞാൻ പറയുകയുണ്ടായി. ശ്രീമതി കെ. രാധാമണി അമ്മ, ശ്രീ. കെ. കൃഷ്ണൻകുട്ടി നായർ, ശ്രീ. പി. ടി. ജേക്കബ് എന്നിവർ മുമ്പ് സെക്രട്ടറിമാരായിരുന്നു. അതിൽ രാധാമണി അമ്മയെ സർവ്വീസിൽനിന്ന് ഡിസ്മിസ് ചെയ്തു. ശ്രീ. പി. ടി. ജേക്കബ്ബിനെ സസ്പെന്റ് ചെയ്തു. കൃഷ്ണൻകുട്ടി നായർ വിരമിച്ചു. ഇപ്പോൾ ശ്രീമതി രമാദേവി സെക്രട്ടറിയായി പ്രവർത്തിക്കുകയാണ്. ഇപ്പോൾ ചാർജ്ജാണ്. ഇതിൽ ഒരു കൂട്ട പിരിച്ചുവിടലാണ് നടന്നിട്ടുള്ളത് നമുക്ക് 1603 പ്രൈമറീസും അതുപോലെതന്നെ മൂവായിരത്തോളം വനിതാ സഹകാരികളും ഉള്ള കാര്യം അങ്ങേക്ക് അറിയാം. ഇതിൽ 69 സഹകരണ സംഘങ്ങളിലാണ് 2001-04-ൽ പ്രശ്നം ഉണ്ടായത്. അത് പരിഹരിക്കുവാൻ, രണ്ടരക്കോടി രൂപ ഇതുവരെ കൊടുത്തു തീർത്തു. മൊത്തം കൊടുത്തു തീർക്കുവാനുണ്ടായിരുന്നത് 38 കോടി രൂപയാണ്. അതിൽ മൂന്നു കോടി രൂപയാണ് കൊടുത്തു തീർത്തത്. ഇനി 35 കോടി രൂപ കൊടുത്തു തീർക്കുവാനുണ്ട്. അതിൽ ജില്ലാ സഹകരണ ബാങ്കിന്റെ ഉത്തരവാദിത്തം ഉണ്ട്. അവരെയെല്ലാം വിളിച്ച് ചർച്ച ചെയ്തു. റീഹാബിലിറ്റേഷൻ നടത്തേണ്ടതാണ്. ആ നിലയ്ക്ക് ചെയ്തിട്ടില്ല. ഗവൺമെന്റ് ആറു മാസക്കാലം ഏറ്റെടുത്ത് നടത്താൻ തീരുമാനിച്ചാൽ ഭാരവാഹി ആകുവാൻ താൽപ്പര്യം ഉള്ളവർ കോടതിയിൽ പോവുകയാണ്. ഇങ്ങനെയൊക്കെ അവിടെ പ്രശ്നമുണ്ട്. എനിക്ക് നിർദ്ദേശിക്കുവാനുള്ളത്, ജില്ലാ സഹകരണ ബാങ്ക് നേതൃത്വം കൊടുത്തുകൊണ്ട് ആ ബാങ്ക് റീ ഹാബിലിറ്റേറ്റ് ചെയ്യാനുള്ള പ്രോജക്ട് തയ്യാറാക്കിയാൽ ഗവൺമെന്റ് എല്ലാ സഹായവും ചെയ്യും. ഗവൺമെന്റിന്റെ റിസ്ക് ആന്റ് ഡെവലപ്മെന്റ് ബോർഡ് അനുസരിച്ച് അവിടേയും സഹായം ചെയ്യാൻ ഞങ്ങൾ തയ്യാറാണ്. മൂന്നാമതായി, അഴിമതി നടത്തിയവരുടെ കയ്യിൽനിന്ന് പൈസ ഈടാക്കണം. അതിനുവേണ്ടി ഭരണ സമിതി കേസ് കൊടുക്കുവാൻ തയ്യാറായിട്ടില്ല. അവരെ വേണമെങ്കിൽ എനിക്ക് പിരിച്ചുവിടാം. അതുകൊണ്ട് ഡെപ്പോസിറ്റ് തിരിച്ചു കിട്ടാനുള്ളവർ ഒരു സംഘടന രൂപീകരിച്ച് റിജിവൻസ് കോടതിയിൽ കേസ് കൊടുത്താൽ ഗവൺമെന്റും അതിനോടൊപ്പം ഒരു അഫിഡവിറ്റ് കൊടുക്കാമെന്നും അവരെയൊക്കെ അറസ്റ്റ് ചെയ്യാൻ കഴിയും എന്നുള്ള കാര്യം ഞാൻ ഓർമ്മിപ്പിക്കുകയാണ്. ഇതിനെല്ലാം കൂട്ടുനിന്ന സഹകരണ ഉദ്യോഗസ്ഥരുടെ പേരിൽ നടപടിയെടുക്കുവാൻ ഉദ്ദേശിക്കുകയാണ്. ബാങ്ക് റീഹാബിലിറ്റേറ്റ് ചെയ്യണമെന്നാണ് ഗവൺമെന്റ് തീരുമാനം.